"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം -കൊല്ലം ജില്ലയിലെ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിൽ ക്ളാർക്ക് തസ്തികയിൽ നിയമനം ലഭിച്ച കുമാരി.അഡ്ലേന നിക്സൺ-ിന് ജോലിയിൽ പ്രവേശിക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.899/2022/LSGD തീയതി,തിരുവനന്തപുരം, 08-04-2022

---

പരാമർശം:- 1. 28.06.2000 ലെ 5966/Adv-C3/2000/ഉഭപവ നം. സർക്കുലർ.

2. സ.ഉ(പി) നം.15/2020/പൊഭവ, തീയതി 28.10.2020

3. കുമാരി.അഡ്ലേന നിക്സണിന്റെ അപേക്ഷ.

4. പഞ്ചായത്ത് ഡയറക്ടറുടെ 10.01.2022, 14.03.2022 എന്നീ തീയതികളിലെ ഇ14-7633/20 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ആശ്രിത നിയമന പദ്ധതി പ്രകാരം പഞ്ചായത്ത് വകുപ്പിൽ കൊല്ലം ജില്ലയിലെ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിൽ ക്ളാർക്ക് തസ്തികയിൽ നിയമനം ലഭിച്ച കുമാരി . അഡ്ലേന നിക്സൺ - ന് , ടിയാരി ഫാത്തിമ മാതാ കോളേജിൽ ബിരുദ വിദ്യാർത്ഥിയാണെന്നും കോഴ്സ് കാലാവധി വരെ പ്രവേശന കാലാവധി ദീർഘിപ്പിച്ച് നല്കണമെന്നും അപേക്ഷിച്ച് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം ( 4 ) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. ഫാത്തിമ മാതാ കോളേജിലെ പ്രിൻസിപ്പാൾ ഹാജരാക്കിയ കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം 31.05.2022 വരെ യാണ് കോഴ്സ് കാലാവധി .

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കൊല്ലം ജില്ലയിലെ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിൽ ക്ളാർക്ക് തസ്തികയിൽ നിയമനം ലഭിച്ച കുമാരി.അഡ്ലേന നിക്സൺ ബിരുദ വിദ്യാർത്ഥിയാണെ വസ്തുത കണക്കിലെടുത്ത് സൂചന (2) ഉത്തരവിലെ ഖണ്ഡിക 3(iii) പ്രകാരം ടിയാൾക്ക് ക്ലാർക്ക് തസ്തികയിൽ പ്രവേശിക്കുന്നതിനുള്ള കാലാവധി നിയമന ഉത്തരവ് തീയതി മുതൽ 31.05.2022 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. കുമാരി.അഡ്ലേന നിക്സണിന്റെ ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി കെ.എസ്.& എസ്.എസ്.ആർ. ഭാഗം II, ചട്ടം 27 (സി)യുടെ ഒന്നാം പ്രൊവിസോ പ്രകാരം ടിയാൻ സേവനത്തിൽ പ്രവേശിക്കുന്ന ദിവസം മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ.

സ.ഉ.(സാധാ) നം.899/2022/LSGD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത്, കൊല്ലം(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

കുമാരി.അഡ്ലേന നിക്സൺ, ക്ലാർക്ക്, തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത്, കൊല്ലം(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(ഇപിഎ1/28/2022/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം
**Signed by Danuja M S**
**Date: 08-04-2022 12:12:23**

സെക്ഷൻ ഓഫീസർ